പ്രൊ(9)-1562/2015

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതയ്ക്കാട്, തിരുവനന്തപുരം-14
**ഫോൺ : 0471-2327804**
**ഫാക്സ് : 0471-2327804**
***ഇ മെയിൽ:*** pccf-flr.for@kerala.gov.in

തീയതി : 30.01.2021

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഐ.റ്റി), തിരുവനന്തപുരം.

സർ,

വിഷയം:- വനം കേസുകളിലെ ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട് കേസ് ഡയറി തയ്യാറാക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചത്-സംബന്ധിച്ച്

സൂചന:- 25.01.21-ലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ Pro9/1562/15 നമ്പർ സർക്കുലർ-1/2021.

സൂചന പ്രകാരമുള്ള സർക്കുലറിന്റെ പകർപ്പ് വനംവകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

HA 4/2/21 RO Admin Publish in website 4/2

വിശ്വസ്തതയോടെ,

ഉള്ളടക്കം:-സൂചന

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്).

D:\Viji-2021\FL & R\PRO(9)\Pro-(9)-1562-2015-Dt 01.02.2021-M.Doc

**P. K. KESAVAN IFS**
PRINCIPAL CHIEF CONSERVATOR OF FORESTS &
HEAD OF FOREST FORCE, KERALA

Forest Headquarters, 'Vanalakshmi'
Thiruvananthapuram-695 014, Kerala, India.

Phone: Office : 0471-2339593
Fax : 0471-2338808
Mobile : 9447979002

E-mail : pccf.for@kerala.gov.in


പ്രൊ (9) - 1562/15

Date : 25.01.2021

## സർക്കുലർ നമ്പർ – 01/2021

വിഷയം : വനം കേസുകളിലെ ഇൻവെസ്റ്റിഷേനുമായി ബന്ധപ്പെട്ട് കേസ് ഡയറി തയ്യാറാക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : 1) സി.സി.എഫ് (പ്രൊട്ടക്ഷൻ) ന്റെ പ്രൊ(6)-1219/2006, 05.06.2006 തീയതിയിലെ കത്ത്.
2) 12.11.2020 ലെ എസ്.എഫ്.ഓ.എം തീരുമാനം.

1973-ലെ ക്രിമിനൽ പ്രൊസീജിയർ കോഡിലെ അദ്ധ്യായം XII ലെ 172 -ാം വകുപ്പ് ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട് കേസ് ഡയറി പരിപാലിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്;

"Every Police Officer making an Investigation under this chapter shall day by day enter his proceedings in the investigation in a diary, setting forth the time at which the information reached him, the time at which he began and closed his investigation, the place or places visited by him and a statement of the circumstances ascertained through his investigation".

1961 – ലെ കേരള ഫോറസ്റ്റ് ആക്ടിലെ 66-ാം വകുപ്പിൽ "Forest Officers shall have the powers of the Police Officers for the purpose of investigation or prevention of forest offences and the collection of evidences" എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

25/1/21
5.59.55 pm

1972 ലെ വൈൽഡ്ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ VI -ാം അദ്ധ്യായത്തിലെ 50-ാം വകുപ്പിൽ ഫോറസ്റ്റ് ഓഫീസറുടെയും സബ് ഇൻസ്പെക്ടറുടെയോ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെയും Power of entry, search, arrest and detention ഇവയെ സംബന്ധിച്ച് പ്രതിപാദിക്കുന്നു.

വകുപ്പ് 50(8) ൽ ടി ഉദ്യോഗസ്ഥർക്ക് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേയ്ക്കായി എവിഡൻസ് സ്വീകരിക്കുന്നതിനും റിക്കോഡ് ചെയ്യുന്നതുൾപ്പെടെയുള്ള അധികാരം ഉള്ളതായും അത്തരം എവിഡൻസ് കുറ്റാരോപിതന്റെ സാന്നിദ്ധ്യത്തിലാണ് എങ്കിൽ മജിസ്ട്രേറ്റിനു മുമ്പാകെയുള്ള വിചാരണയിൽ അനുവദനീയം ആണെന്നും പറഞ്ഞിരിക്കുന്നു.

കൂടാതെ Wildlife Crime Investigation ഹാൻഡ്ബുക്കിലെ ചാപ്റ്റർ 6-ലെ 6.3 യിൽ പ്രതിപാദിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

"The word investigation does not find a place anywhere in the Wildlife (Protection) Act, 1972 except in sub section 8 of Section 50. Therefore, unless there is any specific provision under the Act to the contrary the provisions of search, seizure, arrest bail and collection of evidence given in various sections of Cr.P.C. should be followed".

സൂചന (1) പ്രകാരം എല്ലാ വനം കുറ്റകൃത്യങ്ങളിലും അന്വേഷണ ഓഫീസർമാർ നിർബന്ധമായും കേസ് ഡയറി പരിപാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ വിഷയം വിശദമായി ചർച്ച ചെയ്തതിന്റെയും, വിശദമായി പരിശോധിച്ചതിന്റെയും നിയമ (സ്പെഷ്യൽ) വിംഗിൽ നിന്നും ലഭ്യമായ നിയമോപദേശത്തിന്റേയും കൂടി അടിസ്ഥാനത്തിൽ താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മേൽപറഞ്ഞിരിക്കുന്ന നിയമവ്യവസ്ഥകൾ പ്രകാരം ഫോറസ്റ്റ് ഓഫീസർമാർ വനം വന്യജീവി കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിയമപരമായി

പോലീസ് ഓഫീസർക്ക് തുല്യരാണ്. ആയതിനാൽ ഫോറസ്റ്റ് ഓഫീസർമാർ രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളിലും അന്വേഷണവുമായി ബന്ധപ്പെട്ട് കേസ് ഡയറി നിർബന്ധമായും പരിപാലിക്കേണ്ടതും സൂക്ഷിക്കേണ്ടതുമാണ്.

2. കേസ് ഡയറി സൂക്ഷിക്കേണ്ടത് HAWK – Offence മൊഡ്യൂൾ പ്രകാരമാണ്.
3. 01.02.2021 മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസ്സുകളിലും ഇപ്രകാരം കേസ് ഡയറി കർശനമായും തയ്യാറാക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് ഇതിനാൽ നിഷ്കർഷിക്കുന്നു.

25/01/21

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്